ഡാക്ടർ എ. ആർ. മേനോൻ : മരം സ്റ്റോക്കുചെയ്യുന്നതിന്നു ഒരു നികുതിയുണ്ടു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : വീട്ടുപണിക്കായി മരം സ്റ്റോക്കുചെയ്യുമ്പോൾ നികുതിചുമത്താറുണ്ടോ?

ഡാക്ടർ എ. ആർ മേനോൻ : ഇല്ല. സ്വന്തം ആവശ്യത്തിന്നായതു കൊണ്ടു നികുതിചുമത്താറില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ നികുതി തൊഴിൽനികുതിയായിട്ടോ ലൈസൻസ്സ് പ്രകാരം മരം ശേഖരിക്കുന്നതിന്നുള്ള നികുതിയായിട്ടോ ?

ഡാക്ടർ എ. ആർ. മേനോൻ : ഇതു തൊഴിൽ നികുതിയല്ല. ശേഖരിക്കുന്നതിനുള്ള നികുതിയാണു്.

Mr. C. R. Iyyunni (*Trichur-South*): May I know whether it is not stated under the schedule 'storing and selling of timber'.

Mr. President : We cannot discuss a legal point during question time. The question now turns out whether the section permits license fees on the storage of timber. You cannot discuss it.

Mr. C. R. Iyyunni (*Trichur-South*): In the schedule it is given as 'storing and selling of timber'.

Mr. President : The point is whether the storing of timber for the purpose of making furniture is also liable to be taxed.

IRWIN PARK—WORKERS IN—PARTICULARS REGARDING.

394. മിസ്റ്റർ കെ. എസ്സ്. പണിക്കർ: (ക) എറണാകുളം ഇർവിൻ പാക്കിലും പാക്കു് ഏക്സ്റ്റൻഷനിലും കൂടി ആകെ എത്ര പണിക്കാരുണ്ടെന്നും അവരുടെ തസ്തിക പേരുകൾ എന്തെല്ലാമെന്നും പറയാമൊ ;

(ഖ) അവർ ഓരോരുത്തരുടേയും ശമ്പളമെന്തു് ; അതു് പെൻഷണബിൾ ആണൊ ;

(ഗ) അവർ ഓരോരുത്തരും എത്ര മണിക്കൂർ വീതം ജോലി ചെയ്യണമെന്നാണു് ഇപ്പോഴത്തെ വ്യവസ്ഥയെന്നും ഈ സമ്പ്രദായം എന്നു മുതൽക്കാണു് നടപ്പിൽ വരുത്തിയതെന്നും ഇതു വ്യവസ്ഥ ഏർപ്പെടുത്തുന്നതിന്നു മുമ്പുണ്ടായിരുന്ന വ്യവസ്ഥ എന്തെന്നും പറയാമൊ ;

(ഘ) ഇവർക്കു പബ്ലിക്കു് ഹോളിഡേസ് അനുവദിച്ചു കൊടുക്കാറുണ്ടോ ;

(ങ) ഇവർക്കു അവധികാലാവധി അനുവദിക്കാറുണ്ടോ ; ഉണ്ടെങ്കിൽ എങ്ങിനെയുള്ളവർക്കു് ;

(ച) ഇവർക്കു രാത്രി ജോലിയുണ്ടോ ; ഉണ്ടെങ്കിൽ എത്ര മണിക്കൂർ വീതം ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ: (എ) എറണാകുളം ഇർവിൻ പാക്കിലും പാക്ക് എക്സ്റ്റൻഷനിലും കൂടി ആകെ എത്ര പണിക്കാർ ഉണ്ട്.

തസ്തികപേരുകൾ.

ഇർവിൻ പാക്കിൽ.

മേസ്തിരി	ഏ.
ഹെഡ് തോട്ടക്കാരൻ	ഏ.
തോട്ടക്കാരൻ	൩.
കാവൽക്കാരൻ	൪.

പാക്ക് എക്സ്റ്റെൻഷനിൽ.

ഹെഡ് തോട്ടക്കാരൻ	ഏ.
തോട്ടക്കാരൻ	൪.
കാവൽക്കാരൻ	ഏ.

(ബി) മേസ്തിരിക്ക് മാസം ൨൦ രൂ. യും, ഹെഡ് തോട്ടക്കാരിക്ക് മാസം ൧൫ രൂ. വീതവും, തോട്ടക്കാരിക്കും കാവൽക്കാരിക്കും മാസം ൧൨ രൂ. വീതവും ആണ്. ഇതെല്ലാം "പെൻഷനബിൾ" ആണ്.

(സി) ദിവസം ൮ മണിക്കൂർ വീതം തോട്ടപ്പണി ചെയ്യണമെന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ. ഇതിനു പുറമെ ഇർവിൻ പാക്കിൽ ദിവസേന മൂന്നു പേർ വീതം വൈകുന്നേരം ൬ മണി മുതൽ രാത്രി ൧൦ മണി വരെ കാവൽ പണി ചെയ്യണമെന്നും പാക്ക് എക്സ്റ്റൻഷനിൽ ദിവസേന ൨ പേർ വീതം വൈകുന്നേരം ൬ മണി മുതൽ രാത്രി ൧൨ മണി വരെ കാവൽപണി ചെയ്യണമെന്നും ഒരു വ്യവസ്ഥയും കൂടി ഉണ്ട്. ഇങ്ങിനെ കാവൽ പണി ചെയ്യുന്നവർ അതതു രാത്രികളിൽ തോട്ടത്തിൽതന്നെ കാവൽ കിടക്കുകയും ചെയ്യണം.

ഇങ്ങിനെ കാവൽപണി ചെയ്യുന്ന തോട്ടക്കാരിക്കും കാവൽക്കാരിക്കും കാവൽ പണി ചെയ്ത കഴിഞ്ഞ പിറ്റേദിവസം ഉച്ചതിരിഞ്ഞിട്ടുള്ള (൨ മണിമുതൽ ൬ മണിവരെ) ജോലിയിൽനിന്നു ഒഴിവു കൊടുക്കാറുണ്ട്. ഇതെല്ലാം ഈ തോട്ടങ്ങൾ ഏറ്റെടുത്തതിയ തിയ്യതിമുതല്ക്കു ഉള്ള വ്യവസ്ഥകളാണ്.

എന്നാൽ ഇടക്കാലത്തു തോട്ടങ്ങളിൽ ശരിയായി ജോലിചെയ്യുകാണാത്തതിനിടയിൽ മേൽപടി ഒഴിവുകൊടുക്കുന്ന സമ്പ്രദായത്തിൽ കുറച്ചൊരു ഭേദഗതി വരുത്തി. കാവൽപണി ചെയ്തുകഴിഞ്ഞു പിറ്റേദിവസം ഉച്ചതിരിഞ്ഞു ൪ മണിക്കൂർ ഒഴിച്ചു കൊടുക്കുന്നതിനു പകരം കാവൽപണി ചെയ്യുന്ന ദിവസംതന്നെ ഉച്ചതിരിഞ്ഞു ൨ മണിക്കൂർ വീതം ഒഴിവു കൊടുത്തു. ഈ പുതിയ വ്യവസ്ഥ തോട്ടക്കാരിക്കും കാവൽക്കാരിക്കും വളരെ സങ്കടകരമാണെന്നു ബോധിപ്പിക്കുന്നിമിത്തം ഈ തുലാമാസം മുതൽ പഴയ വ്യവസ്ഥ തന്നെയാക്കിതീർത്തു.

(ഡി) ഇവർക്കു എല്ലാ പബ്ലിക്ക് ഹോളിഡേസും അനുവദിച്ചു കൊടുക്കുന്നില്ല. എന്നാൽ മഹാരാജാവു തിരുമനസ്സിലെ തിരുനാൾ, അത്തച്ചമയം; എന്നീ ദിവസങ്ങളിൽ എല്ലാവർക്കും, പിന്നെ വിശേഷാൽ ഓരോ മതക്കാർക്കും അവരവർക്കു പ്രത്യേകം വരുന്ന മൂടക്കു ദിവസങ്ങളും അതിനുംപുറമെ കുസ്തുവാനിക്കും ന്യായരാത്രി കാലത്തെ ഒരു നേരവും മൂടക്കം കൊടുക്കാറുണ്ട്.

(ഈ) ഇവർക്ക് എല്ലാവർക്കും കൊല്ലത്തിൽ ഒരു മാസം വീതമുള്ള അവകാശാവധിയുണ്ട്.

(എഫ്) ഇവർക്കു രാത്രി ജോലി ഉണ്ട്. ഇതിന്റെ ഉത്തരം ചോദ്യത്തിന്റെ മൂന്നാം ഭാഗത്തിന്റെ ഉത്തരത്തിൽ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : വ മണിക്കൂർ എന്ന പറഞ്ഞിട്ടുള്ളതു് എതു മണിമുതൽ എതു മണി വരെയാണ് ?

ഡാക്ടർ എ. ആർ. മേനോൻ : നിശ്ചയമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതിൽ ചിലർ നു പേർ നാലുമണിക്കൂർ വീതം ഫു മണിക്കൂർ വേലചെയ്യണമെന്ന വെച്ചിട്ടുണ്ട്.

ഡാക്ടർ എ. ആർ. മേനോൻ: അവക്കു പിറോദിവസംജോലി ചെയ്യേണ്ട.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അവക്കു ചില്ലറ അവധി അല്ലാതെ അവകാശ അവധികൊടുക്കുന്നുണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ : അവക്കും പെൻഷണബിലിറ്റി സർവീസായതുകൊണ്ടു കാഷ്വൽ ലീവും അവകാശാവധിയും ഉണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അവകാശാവധി കൊടുക്കുന്നതു് അവർ വളരെ ബുദ്ധിമുട്ടി പണിയെടുക്കുന്നതുകൊണ്ടാണോ ?

ഡാക്ടർ എ. ആർ. മേനോൻ : പെൻഷണബിലിറ്റി സർവ്വീസായതുകൊണ്ടു്, ബുദ്ധിമുട്ടി പണിയെടുക്കുന്നതുകൊണ്ടു മാത്രമല്ല; അധികം പണിയെടുക്കുന്നവക്കും കൂവായി പണിയെടുക്കുന്നവക്കും ഉറങ്ങുന്നവക്കും ഉറങ്ങാത്തവക്കുമെല്ലാം അവകാശാവധിയുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : മെഡിക്കൽ സർട്ടിഫിക്കറു വേണമോ അവകാശാവധിക്കു് ?

ഡാക്ടർ എ. ആർ. മേനോൻ : ശരിയായ കാരണത്തിന്മേലാണെങ്കിൽ അവധി കൊടുക്കാതിരിക്കയില്ല. രണ്ടു പറഞ്ഞുവരുമ്പോഴാണു് സർട്ടിഫിക്കറാവശ്യപ്പെടുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അവക്കു് ഇപ്പോൾ ഒരു മാസത്തെ അവധി അവകാശപ്പെട്ടതല്ലെ ?

ഡാക്ടർ എ. ആർ. മേനോൻ: എന്തുതന്നെ കാരണം പറഞ്ഞപേക്ഷിച്ചാലും അവകാശാവധി കൊടുത്തുകൊള്ളണമെന്നു നിബ്ബന്ധമില്ല. കൂടിയതു രമാണു്, അല്ലെങ്കിൽ ഒരു സുഖക്കേടാണു്, ഇതിനൊക്കെ അവകാശാവധി അപേക്ഷിച്ചാൽ കൊടുക്കാറുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ബാക്കിയുള്ള ഉദ്യോഗസ്ഥന്മാരെപോലെ എല്ലാ Public Holidays അവക്കില്ലാത്തതുകൊണ്ടു അവകാശാവധിക്കു മെഡിക്കൽ സർട്ടിഫിക്കറു വേണ്ടെന്നു വ്യവസ്ഥ ചെയ്യാമോ ?

ഡാക്ടർ എ. ആർ. മേനോൻ : ആശുപത്രികളിലെ ഡാക്ടർമാരും നഴ്സുമാരും ഉറക്കമിളച്ചിരിക്കണമെന്നു വ്യവസ്ഥയുള്ളപ്പോൾ എല്ലാവരും ഉറക്കമിളച്ചിരിക്കണമെന്നുണ്ടോ? അതുപോലെയാണു് മെമ്പർ പറയുന്നതു്. ഈ ഉത്തരം വായിച്ചാൽ അവക്കു എന്തെങ്കിലും ദ്രോഹം ചെയ്യുന്നതായി ഈ സഭക്കു തോന്നുന്നുണ്ടോ? ആകെ എല്ലാ കാര്യങ്ങളും കൂടെ നോക്കി മര്യാദക്കു പെരുമാറുന്നുണ്ടോ എന്നു മാത്രമെ നോക്കേണ്ടതുള്ളു.

Mr. A. V. Moothedan (*Chalakkudi*): Is the park in front of the Ram Mohan Palace included in the extension of the Irwin Park and in charge of a watchman?

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon (*Minister for Rural Development*): I want notice.

Mr. A. V. Moothedan (*Chalakkudi*): It is left desolate there.

Mr. President: We have not kept a garden there. It is only an open space.

Mr. A. V. Moothedan (*Chalakkudi*): We want a park there for the people on the northern side.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ പാക്ക് ഏതു ഡിപ്പാർട്ട്മെണ്ടിന്റെ കീഴിലാണ്?

ഡാക്ടർ എ. ആർ. മേനോൻ: അഗ്രികൾച്ചർ ഡിപ്പാർട്ട്മെണ്ടിന്റെ കീഴിലാണ്.

HONORARY VISHA VAIDYAN MR. T. A. MATHEW—APPOINTMENT OF.

395. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമോ:—

(എ) മിസ്റ്റർ ടി. എ. മാത്യു എന്ന ഒരാളെ ഓണറ്ററി വിഷവൈദ്യനായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ

(ഏ) എന്നാണ് ആ നിയമനം നടത്തിയതു;

(സ) അതിൽ ഗവമ്മെണ്ടിന്നു വല്ല അധികച്ചിലവും വരുമോ;

(ഠ) അദ്ദേഹത്തെ ഉദ്ദേശം രണ്ടരക്കൊല്ലം മുമ്പു നിയമിച്ചിട്ടുള്ള താണെങ്കിലും ജോലിയിൽ പ്രവേശിപ്പാൻ വകുപ്പു ഡയക്ഷൻ അനുവദിച്ചുവോ;

(ഭ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു?

ഡാക്ടർ എ. ആർ. മേനോൻ:

(എ) ഉണ്ടു.

(ഏ) ഏ ഭ—എ—എ സ സ ന്റ -ൽ.

(സ) രജിസ്റ്ററുകൾ, സ്റ്റേഷനറി സാമാനങ്ങൾ, മരുന്നു ഇവയല്ലാതെ ചിലവൊന്നും വരുന്നതല്ല.

(ഠ) ഉവ്വു.

(ഭ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോഴും അദ്ദേഹം അവിടെ ഉണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: ഉവ്വു.

AZHIKKAL—PUBLIC LATRINE IN.

396. Mr. V. N. Damodaran Nambiar (*Trippunittura*): Will the Government be pleased to state:—

(*a*) whether there is any public latrine in Azhikkal;

LIBRARY ARCHIVES Kerala Legislative Assembly